## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4186 13.12.2018 ൽ മറുപടിക്ക്.**

## ചരക്ക സേവന നികുതി ഇന്റലിജൻസ് ഡെപ്യൂട്ടി കമ്മീഷണരുടെ ഓഫീസുകൾ

| ചോദ്യം<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിൽ പ്രവർത്തിക്കുന്ന ചരക്ക സേവന നികുതി ഇന്റലിജൻസ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകളുടെ എണ്ണം വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്)ന്റെ കാര്യാലയങ്ങളാണ് ഉള്ളത്. |
| (ബി) | ഒരു ജില്ലക്ക് ഒന്നു എന്ന കണക്കിലാണോ പ്രസ്തുത ഓഫീസുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഒരു ജില്ലയ്ക്ക് ഒരു ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) ഓഫീസ് എന്ന കണക്കിലല്ല പ്രവർത്തിക്കുന്നത്. റീജണൽ ഓഫീസ് എന്ന രീതിയിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ ഇന്റലിജൻസ് സബ് ഓഫീസുകൾ തിരുവനന്തപുരം ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്)ന്റെ കീഴിലും, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ ഇന്റലിജൻസ് സബ് ഓഫീസുകൾ എറണാകുളം ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്)ന്റെ കീഴിലും, മലപ്പുറം, കോഴിക്കോട്, വയനാട് , കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഇന്റലിജൻസ് സബ് ഓഫീസുകൾ കോഴിക്കോട് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്)ന്റെ കീഴിലും പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഒന്നിൽ കൂടുതൽ ഓഫീസുകൾ ഉള്ള ജില്ലയോ ഒരു ഓഫീസും ഇല്ലാത്ത ജില്ലയോ ഉണ്ടോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ അത്തരത്തിൽപ്പെട്ട ജില്ലകൾ ഏതാണെന്ന് വ്യക്തമാക്കാമോ; | (സി) | ഒരു ജില്ലയിൽ ഒന്നിൽ കൂടുതൽ ഇന്റലിജൻസ് ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഓഫീസ് പ്രവർത്തിക്കുന്നില്ല. ഡെപ്യൂട്ടി കമ്മീഷണർ ഇന്റലിജൻസിന്റെ കാര്യാലയം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മാത്രമാണ് ഉള്ളത്. ഇതിന്റെ നിയന്ത്രണത്തിലുള്ള സബ് ഓഫീസുകൾ എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | എല്ലാ ജില്ലകളിലും അതാത് ജില്ലാ ആസ്ഥാനങ്ങളിലാണോ പ്രസ്തുത ഓഫീസുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | ജില്ലാ ആസ്ഥാനത്ത് (കളക്ടറേറ്റിൽ) അല്ല പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരത്ത് വകുപ്പിന്റെ ആസ്ഥാന കാര്യാലയമായ ടാക്സ് ടവർ കരമനയിലും, എറണാകുളത്ത് കാക്കനാട് ഉള്ള വാടക കെട്ടിടത്തിലും കോഴിക്കോട് ചരക്കു സേവന നികുതി വകുപ്പിന്റെ നടക്കാവിലുള്ള എസ്.ജി.എസ്.ടി കോംപ്ലക്സിലുമാണ് പ്രസ്തുത ഓഫീസുകൾ പ്രവർത്തിക്കുന്നത്. |
| (ഇ) | കാസർകോട് ജില്ലയുടെ ആസ്ഥാനമായ കാസർകോട് ചരക്കു സേവന നികുതി വകുപ്പ് ഇന്റലിജൻസ് ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ എന്നും എങ്കിൽ എത്ര കാലമായി പ്രവർത്തിച്ചു വരുന്നുവെന്നും വ്യക്തമാക്കാമോ; | (ഇ) | ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) ഓഫീസ് കാസർകോട് ജില്ലയിൽ ഇല്ല. കാസർകോട് ജില്ലയിലെ ഇന്റലിജൻസ് സബ് ഓഫീസുകൾ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) കോഴിക്കോടിന്റെ അധികാര പരിധിയിലാണ്. |
| (എഫ്) | പ്രസ്തുത ഓഫീസ് ജില്ലാ ആസ്ഥാനത്ത് നിന്ന് മറ്റൊരിടത്തേക്കു മാറ്റി ഉത്തരവായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എവിടത്തേയ്ക്കാണ് മാറ്റിയതെന്നും , മാറ്റത്തിനുള്ള ന്യായീകരണമെന്താണെന്നും വ്യക്തമാക്കാമോ; | ((എഫ്) | കാസർകോട് ജില്ലയിൽ വകുപ്പിന് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) ഓഫീസ് ഇല്ലാത്തതിനാൽ പ്രസ്തുത കാര്യാലയം മാറ്റാൻ ഉത്തരവ് നൽകിയിട്ടില്ല. എന്നാൽ നിലവിൽ കാസർകോട് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാസർകോട് അസിസ്റ്റന്റ് കമ്മീഷണർ(ഇന്റലിജൻസ്) ന്റെ കാര്യാലയത്തിന്റെ മേൽക്കൂര കാലപ്പഴക്കത്താൽ പൂർണ്ണ |

| | | | |
|---|---|---|---|
| | | | അപകടാവസ്ഥയിലായതിനാലും വയറിംഗ് സംവിധാനത്തിലുള്ള തകരാർ മൂലവും സംജാതമായ അപകടാവസ്ഥയുടെ ഗൗരവം മനസ്സിലാക്കി കെട്ടിടം അടിയന്തിരമായി ഒഴിയാൻ ഉടമ ആവശ്യപ്പെട്ടിട്ടുണ്ട്.<br>അപകടാവസ്ഥയുമായി ബന്ധപ്പെട്ട് പ്രസ്തുത ഓഫീസിന്റെ മേൽ അധികാരിയായ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) കോഴിക്കോട് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഓർഡർ CT/178/16/17-B3 തീയതി 23.11.2018 പ്രകാരമുള്ള കമ്മീഷണറുടെ ഉത്തരവ് പ്രകാരം പ്രസ്തുത ഓഫീസ്, ജില്ലയിലെ ഇന്റലിജൻസ് വിംഗ് താത്ക്കാലികമായി ഉപയോഗിക്കുന്ന വകുപ്പിന്റെ ജില്ലയിലേതന്നെ കാഞ്ഞങ്ങാട്ടുള്ള സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റാൻ ഉത്തരവായിട്ടുണ്ട്. |
| (ജി) | ജില്ലാ ആസ്ഥാനത്ത് നിന്ന് ഓഫീസ് മാറ്റണമെന്നാവശ്യപ്പെട്ട് വ്യക്തികളോ സംഘടനകളോ ജനപ്രതിനിധികളോ അപേക്ഷകൾ നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ പ്രസ്തുത അപേക്ഷകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (ജി) | ഈ കാര്യാലയത്തിലെ ജീവനക്കാർ കാസർകോട് അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്)ന്റെ ഓഫീസ് കെട്ടിടത്തിന്റെ അപകടാവസ്ഥമൂലമുണ്ടായ ഭീതിയിൽ കെട്ടിടം ഒഴിയാനുള്ള നടപടിയെടുക്കാൻ പല പ്രാവശ്യം നിവേദനം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

[illegible]

സമർപ്പണം.

കാസർഗോഡ് ചരക്ക് സേവന നികുതി
വകുപ്പ് അസിസ്റ്റന്റ് കമ്മീഷണർ (സ്റ്റേറ്റ്)
മുമ്പാകെ കാര്യാലയത്തിലെ ജീവനക്കാർ
ബോധിപ്പിക്കുന്നത്.

സർ,

ചരക്ക് സേവന നികുതി വകുപ്പ് കാസർഗോഡ് അസി. കമ്മീഷണർ ഓഫ് സ്റ്റേറ്റ് ടാക്സ് (ജി.എസ്.ടി) കാര്യാലയത്തിൽ ജോലി ചെയ്യുന്നവരാണ് ഞങ്ങൾ. നിലവിലുള്ള ഒരു കെട്ടിടം കാലപ്പഴക്കം കൊണ്ട് കോൺക്രീറ്റ് കമ്പികൾ അടർന്ന് സീലിംഗിന്റെ ഭാഗങ്ങൾ നിലം പതിച്ചുകൊണ്ടിരിക്കുന്നു. ദിവസവും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ജോലിയെടുക്കുന്ന ഞങ്ങൾക്ക് ഈ കെട്ടിടം സുരക്ഷിതമല്ലാതായിരിക്കയാണ്. ആയതിനാൽ കാര്യാലയം സുരക്ഷിതമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുവാനുള്ള നടപടിയുണ്ടാകണമെന്ന് അതിനാൽ വിനീതരായി അപേക്ഷിക്കുന്നു.

എന്ന്.

1. O.P. ചന്ദ്രൻ, ക്ലാർക്ക് [signature]
2. N. Babiraj – OA. [signature]
3. Umesh K Clerk [signature]

A/
A14

4. Bhanumathi. P OA [signature]
5. Sandhya. S. Chandran UDT [signature]
6. Sudhesh. P ASTO [signature]
7. Rethesh mp ASTO [signature]
8 Vinod kumar N B LGE [signature]
9 Abdul [illegible] FS [signature]
10. Shabna. P.N. ASTO [signature]

[signature in Malayalam script]
06. 03. 2018.

FROM ,

AHMED SHEREEF

RAHMATH MANZIL

NEAR JUMA MASJID

PADANAKAD(P O)

TO,

INTELIGENCE STATE GOODS& SERVICE TAX DEPART MENT / Asst. State tax ,
KASARAGOD(OPP.CLOCK TOWER) Kasaragod ,

SIR,

കാസറഗോഡ് ക്ലോക്ക് ടവർ ന് ഓപ്പസിറ്റ് രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന നിങ്ങളുടെ ഓഫീസിന്ടെ മേൽഭാഗത്തുള്ള സീലിംഗ് കഷ്ണങ്ങളായി വീഴുന്നു ണ്ട് അതിന് വേണ്ടിട്ട് ഡോർ

NO KMC XXX-219 (XXII -243 OLD )

ഉള്ള കൺസേന്റ് ലെറ്റർ നമ്മൾ കൊടുത്തിരുന്നുഇത് വരെയായിട്ട് അതിന്ടെ നടപടികൾ നിങ്ങൾ ചെയ്തിട്ടില്ല എത്രയും പെട്ടന്ന് അതിനൊരു നടപടി ചെയ്യണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുന്നു

ഇപ്പോൾ നിങ്ങൾ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ എന്തെങ്കിലും അപകടം വന്നാൽ അതിന്റെ എല്ലാ ഉത്തരവാദിത്തം നിങ്ങൾ ഏറ്റെടുക്കേണ്ടതാണ്

എന്ന്

അഹമദ് ശെരീഫ്

Date : 03/07/2018
Padanakad

/2018

File No.CT/17816/2017-B3

## NON - AVAILABILITY CERTIFICATE

Certified that there is no suitable Govt. Building under the control of PWD available in Kasaragod Taluk, for the accommodation of the office of the Assistant Commissioner (Intelligence), State Goods and Service Tax Department, Kerala, Kasaragod, for the period from 01.01.2018 to 30.06.2018.

This certificate is issued based on the request received vide letter No:A-224/03 dated.17/07/2018 of the Assistant Commissioner of State Tax (Intelligence), State Goods and Service Tax Department, Kasaragod for claiming the rent of the Private building occupied by them.

Office of the Assistant Executive Engineer P.W.D. Buildings

Kasaragod
26.07.2018.

Assistant Executive Engineer
P.W.D Buildings Sub-Division
Kasaragod

നമ്പർ ഇ: ESK/CL/2018-19

പ്രേഷകൻ

ASSISTANT ENGINEER
P.W.D. ELECTRICAL SECTION
KASARAGOD - 671121

സ്വീകർത്താവ്

The Asst. Commissioner
Asst. Commissioner (Intelligence) office
Railway Station Road
Near clock tower
Kasaragod.

സർ,

വിഷയം: Complaint Regarding improper earthing and Electrical wiring

സൂചന: Letter C4304/18 from office of Deputy Commissioner dtd 20/10/18.

മേൽസൂചന പ്രകാരം 15/11/18 ന് താങ്കളുടെ ഓഫീസ് പരിശോധിക്കുകയും, നിലവിലെ എർത്തിംഗ്, വയറിംഗ് സംവിധാനം വിലയിരുത്തുകയും ചെയ്തു. താങ്കളുടെ ഓഫീസിലെ എർത്തിങ്ങിൽ വിച്ഛേദിക്കപ്പെട്ടിരുന്നാൽ നിലവിൽ എർത്ത് വോൾട്ടേജ് 10V ആണെന്നും, ഓഫീസിലെ വയറിംഗ് സംവിധാനങ്ങൾ കാലപ്പഴക്കം ചെന്നതും അടിയന്തിരമായി മാറ്റി സ്ഥാപിക്കേണ്ടതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഈ ഓഫീസ് വാടകക്കെട്ടിടത്തിലാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. നിലവിലെ വയറിംഗ് സംവിധാനം സുരക്ഷിതമല്ലാത്ത സാഹചര്യത്തിൽ ആവശ്യമായ തുടർ നടപടികൾ ചെയ്യേണ്ടതാണെന്നും വിനീതമായി അറിയിച്ചുകൊള്ളുന്നു.

A/803

20/11/18
Kasaragod.

എന്ന്
വിശ്വസ്തതയോടെ,
(signed)
അസിസ്റ്റന്റ് എഞ്ചിനീയർ.

26/11/18

(signed)
സെക്ഷൻ ഓഫീസർ